നം - എൻ2/49655/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 08/2016
Email: scholarshipdpi@gmail.com
Phone No. 0471 – 2328438

# സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2016-17 - അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ- നൽകുന്നത്.

സൂചന :- 1. കേന്ദ്ര സർക്കാർ കത്ത് എഫ് നം.9-4/2016 - എസ്.എസ്, തീയതി.14/07/2016

2. ഈ ആഫീസിലെ ഇതേ നമ്പർ സർക്കുലർ തീയതി. 21/07/2016, 04/08/2016

കേന്ദ്ര ഗവൺമെന്റിന്റെ ന്യൂനപക്ഷ മന്ത്രാലയം ആവിഷ്കരിച്ച് നടപ്പാക്കുന്ന 2016-17 വർഷത്തെ ന്യൂനപക്ഷ വിഭാഗം സ്കൂൾകുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിന് I മുതൽ X വരെയുള്ള ക്ലാസ്സുകളിലെ (സർക്കാർ/എയ്ഡഡ്/എം.ജി.എൽ.സി/പ്രൈവറ്റ് സ്കൂൾ) വിദ്യാർത്ഥികളിൽ നിന്നും സൂചന (1) പ്രകാരം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ **(NSP 2.0)** വഴി **www.scholarships.gov.in** എന്ന വെബ് സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## പൊതു നിർദ്ദേശങ്ങൾ :-

**ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിന് മുൻപ് വിദ്യാർത്ഥികൾക്കും/സ്കൂളുകൾക്കും വേണ്ടി വെബ്സൈറ്റിലെ ഹോം പേജിൽ നൽകിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ (User Guide) ശ്രദ്ധിക്കുക.**

1. **www.scholarships.gov.in** എന്ന വെബ്സൈറ്റിൽ **(National Scholarship Portal )** വഴി ഓൺലൈൻ അപേക്ഷ നൽകാവുന്നതാണ്.
2. **Renewal** ആയി അപേക്ഷിക്കുന്ന കുട്ടികൾ **Renewal** ഓപ്ഷനിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. **Student Registration Form** ൽ വളരെ ശ്രദ്ധയോടെ ഓരോ കോളവും/എല്ലാ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. അപ്പോൾ കിട്ടുന്ന **Application ID** നഷ്ടപ്പെടാതെ എഴുതി സൂക്ഷിക്കേണ്ടതാണ്.
3. പൂർണ്ണമായ ആപ്ലിക്കേഷൻ **Submit** ചെയ്തു കഴിഞ്ഞാൽ, പ്രിന്റ് എടുത്ത് സൂക്ഷിക്കുക.

5. ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികളുടെ അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്(അംഗീകൃതം)/ അഫിലിയേഷനുള്ള സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ/ എം.ജി.എൽ.സികൾ എന്നീ സ്കൂളുകളിലെ I മുതൽ X വരെ ക്ലാസ്സുകളിലെ കുട്ടികളുടെ അപേക്ഷകൾ ഓൺലൈനായി മാത്രമേ സമർപ്പിക്കാൻ പാടുള്ളൂ.
6. രക്ഷകർത്താക്കളുടെ വാർഷികവരുമാനം 1,00,000/- രൂപാ (ഒരു ലക്ഷം രൂപ) വരെയുള്ളവരും മുൻവാർഷികപരീക്ഷയിൽ 50 ശതമാനമോ അതിൽ കൂടുതലോ മാർക്ക് കരസ്ഥമാക്കിയവരുമായ കുട്ടികൾക്കാണ് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുള്ളത്. 1-ാം ക്ലാസ്സിലെ കുട്ടികൾക്ക് മാർക്ക് നിബന്ധന ബാധകമല്ല.
7. ഒരു കുടുംബത്തിൽ നിന്ന് പരമാവധി 2 കുട്ടികൾക്ക് മാത്രമേ പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹതയുള്ളൂ.
8. സ്കൂൾ മാറിയിട്ടുള്ള അപേക്ഷകരുടെ മാർക്ക്/ഗ്രേഡ്, സ്റ്റാറ്റസ് (റിന്യൂവൽ/ഫ്രഷ്) എന്നിവ മുമ്പ് പഠിച്ചിരുന്ന സ്കൂളിൽ നിന്നും നൽകിയ സർട്ടിഫിക്കറ്റുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.
9. അപേക്ഷകന്റെ പേരിലുള്ള **Aadhaar Number, Bank Account Number, IFS Code, Name of Bank** എന്നിവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പുമായി ഒത്തുനോക്കി ഉറപ്പ് വരുത്തേണ്ടതാണ്.

10. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾക്ക് **Aadhaar** നിർബന്ധമാണ്. ആധാർ നമ്പർ ബാങ്ക് അക്കൗണ്ട് നമ്പരുമായി ലിങ്ക് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.

11. സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന കുട്ടികൾ മെയിന്റനൻസ് അലവൻസായി 1000/- രൂപ രേഖപ്പെടുത്തിയാൽ മതിയാകും.

12. എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് അംഗീകൃത പ്രൈവറ്റ് സ്കൂളുകൾ - എന്നിവിടങ്ങളിലെ പ്രഥമാധ്യാപകർ ന്യൂനപക്ഷ വിഭാഗം കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും പുതുക്കുന്നതിനുള്ള എല്ലാ സഹായങ്ങളും നിർദ്ദേശങ്ങളും നൽകേണ്ടതാണ്.

13. ഈ സർക്കുലറിനോടൊന്നിച്ചുള്ള ഫോർമാറ്റ് പൂരിപ്പിച്ച് കുട്ടിയുടെ ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം അപേക്ഷയുടെ പകർപ്പ് സഹിതം സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്. **(അനുബന്ധം -I)**

14. വിദ്യാഭ്യാസ ആഫീസർമാരുടെയും സ്കൂളുകളുടെയും **Password, User ID** ലഭിക്കുന്ന മുറയ്ക്ക് അപേക്ഷകളുടെ സ്കൂൾതല/ജില്ലാതല വെരിഫിക്കേഷൻ പൂർത്തിയാക്കേണ്ടതാണ്.

15. സ്കൂൾ തലത്തിലെ പരിശോധനയിൽ അപാകത കണ്ടെത്തിയാൽ പ്രഥമാധ്യാപകർ അപേക്ഷ **Deffect** ആയി മാർക്ക് ചെയ്യേണ്ടതും ആ വിവരം കുട്ടിയെ അറിയിക്കുകയും അപാകത പരിഹരിക്കുകയും ചെയ്യുക.

16. പ്രീ-മെട്രിക് സ്കോളർഷിപ്പ് സംബന്ധമായ സംശയങ്ങൾക്ക് ചുവടെ പറയുന്ന ഫോൺ നമ്പരിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടേണ്ടതാണ്.

17. സ്കോളർഷിപ്പ് തുക **PFMS** എന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് നേരിട്ട് എത്തിക്കുന്നതിന് വേണ്ടി **(DBT)** തെരെഞ്ഞെടുത്തിരിക്കുന്ന ബാങ്കുകളുടെ പേരുവിവരം ചുവടെ ചേർത്തിട്ടുണ്ട്. **(അനുബന്ധം -II)**

**ഈ സർക്കുലറിനോടൊന്നിച്ചുള്ള മാതൃകാ ഫോർമാറ്റ് ശ്രദ്ധയോടെ പൂരിപ്പിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം (NSP 2.0) ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നത് തെറ്റുകൾ/അപാകത ഒഴിവാക്കാൻ സഹായിക്കും.**

- 0471-2328438
- 0471-2529800
- കൂടുതൽ വിവരങ്ങൾക്ക് 040-23120500,501,502,503,504,505 എന്നീ നമ്പറുകളിൽ **National Scholarship Portal Help Desk** മായി ബന്ധപ്പെടേണ്ടതാണ്.
- **www.scholarships.gov.in**, **www.scholarship.itschool.gov.in** എന്ന ഔദ്യോഗിക വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.

## ഓർമ്മിക്കാൻ

- **അപേക്ഷകരായ കുട്ടികൾക്ക് ആധാർ നിർബന്ധമാണ്.**
- **ഓൺലൈൻ അപേക്ഷയോടൊപ്പം മറ്റ് രേഖകൾ ഒന്നും സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യേണ്ടതില്ല**
- **അപേക്ഷ ഓൺലൈനായി എൻട്രി ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കുക, തെറ്റ് തിരുത്തുവാൻ Edit Option ഇല്ല. അപാകതയുള്ള അപേക്ഷകൾ നിരസിക്കപ്പെടുവാൻ സാധ്യത ഉണ്ട്.**
- **പൂരിപ്പിച്ച അപേക്ഷ സ്കൂളധികാരികൾ പരിശോധിച്ചതിന് ശേഷം മാത്രം വിവരങ്ങൾ രേഖപ്പെടുത്തുക.**
- **ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. 30/09/2016**

- ✓ കഴിഞ്ഞ വർഷങ്ങളിൽ സ്കോളർഷിപ്പിന് അർഹരാകുകയും, ബാങ്ക് അക്കൗണ്ടിൽ തുക ലഭിക്കാതിരിക്കുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അവരുടെ ആധാർ നമ്പർ ബാങ്ക് അക്കൗണ്ടുമായി ലിങ്ക് ചെയ്യേണ്ടതാണ്.
- ✓ സ്കോളർഷിപ്പ് സംബന്ധമായ പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുമ്പോൾ :-

  - സ്കൂൾ ഏത് ജില്ല/വിദ്യാഭ്യാസ ജില്ലയിൽപ്പെടുന്നു എന്ന് രേഖപ്പെടുത്തുക
  - കുട്ടി പഠിക്കുന്ന സ്കൂളിന്റെ മുഴുവൻ പേര്,
  - സ്കൂൾ കോഡ്,
  - സ്കൂളിന്റെ ഫോൺ നമ്പർ
  - വിദ്യാർത്ഥിയുടെ ആപ്ലിക്കേഷൻ നമ്പർ,
  - ആധാർ നമ്പർ,
  - അപേക്ഷകന്റെ ഫോൺ നമ്പർ,
  - ബാങ്ക് അക്കൗണ്ട് നമ്പർ

  എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് - 1. എല്ലാ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ മാർക്കും
2. എല്ലാ സ്കൂളധികാരികൾക്കും